**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1600** | **11-10-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയതല പച്ചക്കറി കൃഷിത്തോട്ടം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ വിദ്യാലയ തല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് കൃഷിഭവൻ മുഖേന ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | കൈപ്പമംഗലം മണ്ഡലത്തിൽ വിദ്യാലയതല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'തളിർ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ 79 വിദ്യാലയങ്ങളിലേയ്ക്കായി 50 ചെടിചട്ടി, നടീൽവസ്തുക്കൾ, വളം എന്നിവ വിതരണം നടത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ തളിർ പദ്ധതിയുടെ ഭാഗമായി ചെണ്ടുമല്ലി തൈകളും, കരനെൽകൃഷിക്കുള്ള മുളപ്പിച്ച നെൽ വിത്തും നൽകിയിട്ടുണ്ട്. |
| (ബി) | കൈപ്പമംഗലം മണ്ഡലത്തിലെ തനത് വിദ്യാഭ്യാസ പദ്ധതിയായ അക്ഷര കൈരളിയുടെ ഭാഗമായ തളിർ പദ്ധതിയുമായി ബന്ധപ്പെട്ടുത്തി വിദ്യാലയ പച്ചക്കറി കൃഷിത്തോട്ടം ആവിഷ്കരിക്കാൻ വേണ്ട എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷത്തിൽ തളിർ പദ്ധതിയുടെ ഭാഗമായി കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എഴ് ഗ്രാമ പഞ്ചായത്തുകളിൽ വിദ്യാലയതല പച്ചക്കറികൃഷിത്തോട്ടം നിർമ്മിക്കുന്നതിന് 81 വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ ആദ്യം ചെണ്ടുമല്ലി കൃഷിയും കര നെൽ കൃഷിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുള്ള ഫണ്ട് ത്രിതല പഞ്ചായത്ത് ഫണ്ടും വിദ്യാലയത്തിലെ പി.ടി.എ ഫണ്ടും ഉപയോഗിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. തുടർന്ന് പച്ചക്കറിതൈകൾ, ജൈവവളങ്ങൾ, കുമ്മായം/ഡോളോമൈറ്റ് എന്നിവ വിതരണം ചെയ്യുന്നു. അതിനുള്ള ധനസഹായം മതിലകം ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ നിന്ന് ലഭ്യമാക്കുന്നതാണ്. |
| (സി) | 2023-24 അധ്യയന വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് വിദ്യാലയ തല പച്ചക്കറി കൃഷിത്തോട്ടം പദ്ധതി ആവിഷ്കരിച്ചത്; കണക്ക് ലഭ്യമാക്കാമോ? | (സി) | 2023-24 സാമ്പത്തിക വർഷത്തിൽ വിദ്യാലയതല പച്ചക്കറിത്തോട്ടം പദ്ധതിയിൽ വെണ്ട, പയർ, വഴുതന, മഞ്ഞൾ, മുളക് എന്നീ പച്ചക്കറി ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പി.ടി.എ ഫണ്ട് ഉപയോഗിച്ചാണ് ഈ പച്ചക്കറിത്തോട്ടം സ്കൂളുകളിൽ നടത്തിയത്. |

| | | | |
|---|---|---|---|
| | | | 2023-24 സാമ്പത്തിക വർഷം വിദ്യാലയ തല പച്ചക്കറി കൃഷിത്തോട്ടം പദ്ധതിയിൽ ഉൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.<br><br>1) എ.ൽ.പി ആൻഡ്- യു.പി.എം, മതിലകം പഞ്ചായത്ത്.<br><br>2) സെന്റ് ആന്റണീസ് ജി.എച്ച്.എസ്.എസ്. എടത്തിരുത്തി<br><br>3) എ.എ.ഐ. എൽ.പി.എസ്, ചൂലൂർ, എടത്തിരുത്തി<br><br>4) ഈസ്റ്റ് യു.പി.സ്കൂൾ, പെരിഞ്ഞനം<br><br>5) എസ്. എൻ സ്മാരക സ്കൂൾ, പെരിഞ്ഞനം<br><br>6) പനങ്ങാട് ഹയർ സെക്കൻഡറി സ്കൂൾ എസ്.എൻ.പുരം.<br><br>7) സെന്റ് ജോസഫ് എച്ച്.എസ്.എസ്, മതിലകം<br><br>8) ഒ.എൽ.എഫ്. ജി.എച്ച്.എസ്. മതിലകം |

സെക്ഷൻ ഓഫീസർ